സ്വപ്നം

അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-26

പിഎംഎസ്എംയുപിഎസ്

ചെറുമുക്ക്

സ്വപ്നം കാണുക |

ആ സ്വപ്നത്തെക്കുറിച്ച് ചിന്തിക്കുക !!

ആ ചിന്തകളെ പ്രവർത്തിയിലൂടെ സഫലമാക്കുക !!

APJ ABDUL KALAM

ആമുഖം (നാൾവഴികളിലൂടെ)

2 വെല്ലുവിളികൾ പരിമിതികൾ

3. കാഴ്ചപ്പാട്

4.പൊതുലക്ഷ്യം

5.അടിസ്ഥാനവിവരങ്ങൾ

6.അക്കാദമിക് പ്ലാൻ മലയാള ഭാഷാപഠനം

7. ഇംഗ്ലീഷ് ഭാഷാപഠനം

8.ഹിന്ദി ഭാഷാപഠനം

9 അറബിക്

10. ശാസ്ത്ര പഠനം

11 സാമൂഹ്യശാസ്ത്രപഠനം

12. ഗണിതപഠനം

13. ഐടി പഠനം

14. ആരോഗ്യ കായികപഠനം

15. മാസ്റ്റർപ്ലാൻ ഭൗതികമേഖല

16. മാസ്റ്റർ പ്ലാൻ സാമൂഹികമേഖല

17. ഉപസംഹാരം

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

# PMSAMMUP SCHOOL  CHERUMUKKU

# ആമുഖം

വിദ്യാഭ്യാസ മേഖല അനുദിനം നിരന്തരം മാറ്റങ്ങളിലൂടെ കടന്നുപോകുന്ന ഒരു കാലഘട്ടത്തിലാണ് താം ജീവിക്കുന്നത് ഇത്തരം മാറ്റങ്ങൾ വരുമ്പോൾ വിദ്യാർത്ഥികളുടെ നൈപുണ്യങ്ങളും കഴിവുകളും നന്നായി ഉപയോഗപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഈ ലക്ഷ്യത്തിന് വേണ്ടിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ വിഷൻ 100 എന്ന ഒരു ബഹുമുഖ വിദ്യാഭ്യാസാ പദ്ധതിക്ക് വേൺമെൻ്റ് ഇടക്കം കുറിച്ചത്. ഒരു വിദ്യാലയത്തിൽ നിന്നും സമൂഹം എന്ത് പ്രതീക്ഷിക്കുന്നുവൊ അതുമുഴവനായി നൽകാൻ കഴിയുന്നതാണ് വിഷൻ 100 മാസ്റ്റർ പ്ലാൻ. ഗുണമേയയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിൻ്റെ കേന്ദ്രങ്ങളായി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻ്റെ ഭാഗമായി PMSAMMUP SCHOOL സംസ്ഥാനത്ത് ഏറ്റവും മികച്ച യുപി വിദ്യാലയമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഞങ്ങൾ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഇവിടെ സമർപ്പിക്കുന്നത്.

ഇൻ്റർനെറ്റ് സൗകര്യത്തോടുകൂടിയ ഒരു കമ്പ്യൂട്ടർ ലാബും, കമ്പ്യൂട്ടർ പഠിപ്പിക്കാൻ ഒരു അധ്യാപികയെയും നിയോഗിച്ചിട്ടുണ്ട്. ഇതിലൂടെ ഇൻ്റർ നെറ്റിൻ്റെയും കമ്പ്യൂട്ടറിൻ്റെയും പഠന സാധ്യതകൾ കുട്ടികൾക്ക് മനസിലാക്കുകൊടുക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ശാസ്ത്രമേളയിൽ ഐടി മത്സരങ്ങളിൽ വിജയം നേടാനും ഇതുവഴി ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

സ്കൂളിൽ പ്രവേശനം നേടുന്ന മുഴുവൻ കുട്ടികൾക്കും ഐടി വിദ്യാഭ്യാസം നൽകുന്നതിന് ഈ സ്കൂൾ ശ്രമിച്ചുവരുന്നു.

ഈ സ്കൂളിൻ്റെ മുഖമുദ്രയായി സ്കൂൾ സകൗട്ട് & ഗൈഡ്സിൻ്റെ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു.

കുട്ടികളെ നിരവധി ക്യാമ്പുകളിൽ പങ്കെടുപ്പിക്കാനും അവർക്ക് അർഹമായ സർട്ടിഫിക്കറ്റുകൾ നേടികൊടുക്കാനും ഈ ടീമിന് കഴിഞ്ഞിട്ടുണ്ട്. ജൈവവൈവിധ്യം നേരിട്ട് കണ്ട് മനസിലാക്കുന്നതിനുവേണ്ടി മനോഹരമായ ഒരു ജൈവ വൈവിധ്യ പാർക്കും ആവാസ വ്യവസ്ഥയും ഈ സ്കൂളിൽ ഒരുക്കിയിട്ടുണ്ട്.

വിദ്യാർത്ഥികളുടെ കായിക സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ കഴിയുന്നവിധത്തിലുള്ള മനോഹരമായ ഒരു ഗ്രൗണ്ട് സ്കൂളിൽ സജീകരിച്ചിട്ടുണ്ട്. ഈ ഗ്രൗണ്ടിൽ സ്കൂളിലെ കായികമത്സരങ്ങളും സംസ്ഥാന കായികദിനത്തിൽ പ്രത്യേക മത്സരങ്ങളും സംഘടിപ്പിക്കാറുണ്ട്. സ്കൂളിലെ രക്ഷിതാക്കൾക്കും കായികമത്സരങ്ങൾ ഒരുക്കുന്നതിൽ ഈ സ്കൂൾ ശ്രദ്ധചെലുത്താറുണ്ട്.

കുട്ടികൾക്ക് വായിച്ചുവളരാനും പഠനപ്രവർത്തനങ്ങളിൽ അധികവായനക്ക് ഉതകുന്നവിധത്തിൽ നല്ലൊരു ലൈബ്രറിയും ഒരുക്കിയിട്ടുണ്ട്. 2017-18 അധ്യായന വർഷത്തിൽ ഈ ലൈബ്രറി നവീകരിക്കുകയും

നവീകരിച്ച ലൈബ്രറിയുടെ ഉത്ഘാടനം തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. അബ്ദുൽ കലാം മാസ്റ്റർ നിർവ്വഹിച്ചു. ഈ ലൈബ്രറിയിലേക്ക് കെ.എം.സി.സി. പ്രവർത്തകർ അലമാരകളും, ബുക്കുകളും സംഭാവന ചെയ്തു. ഈ ലൈബ്രറി ടീമിൻ്റെ നേതൃത്വത്തിൽ വായനാദിനത്തിൽ 7 ദിവസം നീണ്ടുനിൽക്കുന്ന വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. 2011-12 അധ്യായനവർഷത്തിൽ ഈ വിദ്യാലയത്തിലെ ഒരു വിദ്യാർത്ഥി ഒരു കവിതാസമാഹാരം എഴുതുകയും അത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ദൂരസ്ഥലങ്ങളിൽ നിന്ന് വരുന്ന വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസ് നിരക്കിൽ ബസ് സൗകര്യവും ഞങ്ങളുടെ സ്കൂളിന്റെ പ്രത്യേകതയാണ്.

# കാഴ്ചപ്പാട്

ചെറുമുക്ക് ഗ്രാമത്തിൻ്റെ ചുറ്റുപാടുമുള്ള വിവിധ വീടുകളുടെ പ്രതീക്ഷയും അഭിമാനവുമാണ് PMSA MMUP SCHOOL എന്ന ഈ ഗ്രാമ വിദ്യാലയം അതുകൊണ്ട് തന്നെ ഞങ്ങളിൽ അർപ്പിതമായിരിക്കുന്ന കർത്തവ്യങ്ങൾ വളരെ വരുതാണ്

1.കുട്ടികളിൽ സ്വയം രൂപപെടുന്ന അച്ചടക്കം അത് ഭൗതികതലത്തിലും പ്രായോഗികതതലത്തിലും നേടി എടുക്കാൻ ഞങ്ങൾ ആത്മാർത്ഥമായി ശ്രമിക്കും,

2. ഗുണമെന്മയുള്ള വിദ്യാഭ്യാസം പാഠ്യപാഠ്യതര പ്രവർത്തനങ്ങളിലൂടെ നേടിയെടുക്കാവുന്നതാണ്. എന്ന തിരിച്ചറിയുക.

3. പ്രൈമറി ക്ലാസ്സിൽ വച്ച് തന്നെ ഭാഷ കൈകാര്യം ചെയ്യുവാനുള്ള പ്രാവീണ്യം നേടിയെടുക്കുക എന്നത് ഞങ്ങളുടെ സുവ്യക്തമായ കാഴ്ചപാടാണ്. അതിനായി വായനയിലൂടെ ചിന്തയിലൂടെ കുട്ടികൾ അറിവ് നേടുകയും അത് വെറും വിവര ശേഖരം മാത്രമാകാതെ അവബോധമാകുകയും ചെയ്യുന്ന സമഗ്രമായ കാഴ്ചപാടാണ് ഉള്ളത്

4. കുട്ടികൾക്ക് ഭയപ്പാടില്ലാതെ പൊതു സമൂഹത്തിൻ്റെ മുന്നിൽ ഭാഷ ഉപയോഗിക്കാൻ സാധിക്കണം ആധുനിക കാലഘട്ടം ആവശ്യപ്പെടുന്ന ശേഷിയാണെന്ന് തിരിച്ചറിയുന്നു.

# പൊതുലക്ഷ്യങ്ങൾ:-

1. പൊതുവിദ്യാഭാസ സംരക്ഷണ യജ്ഞത്തിലൂടെ മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പ് വരുത്തുക.

2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പദ്ധതികൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നടപ്പാക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

3. ഒന്നാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ നടപ്പിലാക്കുക.

4. അധ്യാപനവും, അധ്യായനവും സർഗ്ഗാത്മകവും, രസകരവുമാക്കി വിദ്യാർത്ഥികളിലെ മുഴുവൻ ശേഷികളും പുറത്തെടുക്കുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ലക്ഷ്യം വെക്കുന്നു.

5. വിഷൻ 100 എന്ന പദ്ധതിയിലൂടെ എല്ലാ സ്കൂളുകളും മാസ്റ്റർ പ്ലാൻ നിർമ്മിച്ച് തങ്ങളുടെ സ്കൂളിലെ സൗകര്യങ്ങളും, അസൗകര്യങ്ങളും ഇനിവേണ്ട സൗകര്യങ്ങൾക്കുവേണ്ട പദ്ധതി മാസ്റ്റർ പ്ലാനിലൂടെ അവതരിപ്പിക്കുന്നു

# മികവുകൾ, നേട്ടങ്ങൾ

## നടപ്പു വർഷം.

*ഇംഗ്ലീഷ് ബുള്ളറ്റിൽ

* പച്ചക്കറി കൃഷി

*ശാസ്ത്രോത്സവം

* ചോക്ക് നിർമ്മാണം

*കുട നിർമ്മാണം

* ചന്ദനതിരി നിർമ്മാണം

*തുന്നൽ പരിശീലനം

* കിസ് മത്സരങ്ങൾ

* മാതൃഭൂമി സ്വീഡ് പ്രവർത്തനം

* പ്ലാസ്റ്റിക് വിമുക്ത സ്കൂൾ

* മാലിന്യ സംസ്കരണം

* ജൈവ വൈവിധ്യപാർക്ക്

* ലൈബ്രറി നവീകരണം

* വേസ്റ്റ് ബോക്സ് നവീകരണം

* ഡോക്ടർമാർ എഞ്ചിനീയർമാർ ആയവരെ ആദരിക്കൽ

* പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ശനിയാഴ്ചകളിൽ പ്രത്യേക ക്ലാസുകൾ

* മലയാള തിളക്കം

* മലയാള തിളക്കം എന്ന പ്രോഗ്രാമിലൂടെ പിന്നോക്കം നിൽക്കുന്ന മുഴുവൻ വിദ്യാർത്ഥികളെയും മലയാളം എഴുതാനും വായിക്കാനും പഠിപ്പിക്കുക.

* ഗവൺമെൻ്റിൻ്റെ നൂതന പദ്ധതിയായ ശ്രദ്ധ ക്ലാസുകൾ ആരംഭിച്ചു.

* എ പ്ലസ്കാരെ ആദരിക്കൽ

* സാമൂഹ്യ ശാസ്ത്രം, സയൻസ് എന്നിവയുടെ  വർക്കിംഗ് മോഡൽ മത്സരത്തിൽ എ ഗ്രേഡും

ചോക്ക് നിർമ്മാണം, എംബ്രോയ്ഡറി, പേപ്പർ കാഫ്റ്റ് എന്നീ മത്സരങ്ങളിൽ ജില്ലാ ശാസ്ത്രമേളയിലേക്ക് സെലക്ഷൻ

ഈ സ്കൂളിൽ നിന്ന് പഠിച്ചിറങ്ങി വിവിധ തൊഴിൽ മേഖലകളിൽ പ്രാവിണ്യം നേടിയവരെ ആദരിക്കലും അവരെകൊണ്ട് ക്ലാസെടുപ്പിക്കലും (ഡോക്ടർമാർ, എഞ്ചിനീയർമാർ, ഇലക്ട്രീഷ്യൻ, കർഷകർ)

# മുൻവർഷം

- സ്പീക്ക് ഇംഗ്ലീഷ് സ്വീറ്റ് ഇംഗ്ലീഷ്

- USS സ്കോളർഷിപ്പ് പരീക്ഷയിൽ കഴിഞ്ഞ  അധ്യയന വർഷം 07 മിടുക്കന്മാർ USS യോഗ്യതാ പരീക്ഷ പാസായി

- ശാസ്ത്രമേളയിൽ ഗണിതത്തിൽ  സംസ്ഥാനതലത്തിൽ എ ഗ്രേഡ്

* സാമൂഹ്യശാസ്ത്രം സ്റ്റിൽ മോഡലിന്  ശാസ്ത്രമേള സെലക്ഷൻ

* സബ്ജില്ലാ ശാസ്ത്രത്രമേളയിൽ

*സാമൂഹ്യശാസ്ത്രം, സയൻസ് എന്നിവയിൽ നിരവധി തവണ എ ഗ്രേഡുകൾ

*ജനറൽ മെഡിക്കൽ ക്യാമ്പുകൾ

*ദന്ത പരിശോധനാ ക്യാമ്പ്

ബ്ലഡ് ഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്

*വാഴകൃഷി

*മരച്ചീനികൃഷി

*എ പ്ലസ്കാരെ ആദരിക്കൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2017-18 - മലയാളം

പ്രതീക്ഷിക്കുന്ന ചിലവ് - 2,00,000

## ആമുഖം

കേരളത്തെ സാംസ്കാരികപരമായി മുന്നിലെത്തിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത് മലയാള ഭാഷയാണ് കേരളത്തിൻ്റെ സാംസ്കാരിക തനിമ നിലനിർത്തുന്ന നമ്മുടെ മാതൃഭാഷയായ മലയാളത്തിന് ഒരു നിർണ്ണായകമായ പങ്കുണ്ട്. പിറന്നുവീഴുന്ന ഓരോ കുഞ്ഞുങ്ങളും ആദ്യമായ് അവരുടെ നാവുകളിലൂടെ ഉച്ചരിക്കുന്നത് മാതൃഭാഷയാണ്. മാതൃഭാഷ എന്നത് അമ്മിഞ്ഞപ്പാൽ പോലെ മാധുര്യം ഏറിയതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും മാതൃഭാഷയിൽ പ്രാഥമിക അറിവുകൾ നേടി അതിലൂടെ പാഠ്യവിഷയങ്ങളിൽ ഉന്നത നിലവാരത്തിലെത്തുന്നതിനും അവരുടെ ശേഷികൾ വികസിപ്പിക്കുന്നതിനും അതുപോലെ പിന്നോക്കം നിൽക്കുന്ന മുഴുവൻ വിദ്യാർത്ഥികളെയും മാതൃഭാഷ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നതിനുവേണ്ടിയാണ് വിഷൻ 100 മാസ്റ്റർ പ്ലാനിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്.

എല്ലാവർക്കും എഴുത്തും വായനയും

വായന കൂട്ടം
എഴുത്തു കൂട്ടം

അമ്മ വായന

ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി

ഗ്രന്ഥശാല അംഗത്വം

ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ

വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ

മലയാളത്തിലെ വിവിധ സാഹിത്യ-ശാഖകൾ പരിചയപ്പെടൽ

* ആസ്വാദകരമായ വായനയിൽ വൈദഗ്ദ്യം നേടുക

* വായനാ സാമഗ്രികൾ കണ്ടെത്തുക, വിസിപ്പിക്കുക

* വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക

* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത കണ്ടെത്തുക

എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തുക

* സാഹിത്യകാരൻമാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ

ഭാഷയുമായി ബന്ധപ്പെട്ട രം,ശര സാധ്യത എന്നിവ സജീവമാക്കൽ

പേര് മലയാളം

മേഖല :അക്കാദമികം

പ്രവർത്തനങ്ങൾ

ചുമതല

സാമ്പത്തിക വിശകലനം

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർ ത്ഥികളെയും മികച്ച വായന ക്കാരാക്കുക.

1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ

2. വായനാമൂല, ക്ലാസ് മുറികൾ രൂപീ കരിക്കൽ

3. സ്കൂൾലൈബ്രറി നവീകരിക്കൽ.

4. സമീപഗ്രന്ഥശാല അംഗത്വം

5. വായനോത്സവം സംഘടിപ്പിക്കൽ

6. ദിവസവുമുള്ള പത്രവായന

7. അമ്മവായന

8. പുസ്തചർച്ച

9. വായനാനുഭവം പങ്കുവെക്കൽ

10. വായനാകുറിപ്പ്,

11. വിദ്യാരംഗം കലാസാഹി തവേദി പ്രവർത്തനം ക്ലാസ് സഭ.

12. സകൂൾ സഭ ബാലസഭ

13. ദിനാചരണങ്ങൾ

14. ആകാശവാണി ക്ലബ്ബ്

15. സാഹിത്യകാരൻമാരു മായുള്ള അഭിമുഖം

16. ആനുകാലിക പ്രസിദ്ധീകരണങ്ങ ളുടെ വായന

17. ആസ്വാദകരമായ വായന

18. വായനാ സാമഗ്രികൾ

19. ഇ -വായന

20 പുസ്തകമൊരുക്കൽ

21. വായനകൂട്ടം മോണിറ്ററിംഗ്

22. കാവ്യകൂട്ടം

മലയാളം അധ്യാപകർ

എം.ടി.എ

വിദ്യാരംഗം കലാസാഹിത്യ സമിതി അംഗങ്ങൾ

സന്നദ്ധ സംഘടനകൾ